# MUNDAKKAL WEST RESIDENCE ASSOCIATION

MWRA

Reg. No. Q.613/02, Mundakkal West, Kollam -1

DISTRICT COLLECTOR KOLLAM

29 APR 2023

DISTRICT COLLECTOR KOLLAM

Date..26/4/23.

DISTRICT COLLECTOR,
Kollam,

വിഷയം : K.W.A. യുടെ വാട്ടർ ടാങ്ക് നിർമ്മാണത്തിനുള്ള നിർദ്ദേശം കാഷ്യു കോർപ്പറേഷൻ മുന്നിലുള്ള റവന്യൂ ഭൂമിയിൽ നിന്നും മാറ്റുന്നത് സംബന്ധിച്ച്

സർ

കൊല്ലം മുണ്ടക്കൽ വെസ്റ്റ് ക്യാഷ്യു കോർപ്പറേഷൻ ഹെഡ് ഓഫീസിന് മുൻവശം റവന്യൂ വകുപ്പിന്റെ അധീനതയിൽ മൂന്നു വശവും റോഡുള്ളതും ത്രികോണാകൃതിയിൽ കിടക്കുന്നതുമായ വസ്തുവിൽ നിലവിൽ ഒരു കുഴൽ കിണർ ഉള്ളതും ഇവിടെ നിന്നും വെള്ളം റിസർവ് ക്യാമ്പിലുള്ള റിസർവോയറിലേക്ക് പമ്പ് ചെയ്തു ശേഖരിച്ച് വിതരണം ചെയ്തു വരുന്നതുമാണ്. എന്നാൽ ഇപ്പോൾ K.W.A. ഈ വസ്തുവിൽ തന്നെ ഒരു റിസർവോയർ നിർമ്മിക്കുന്നതിനായി തീരുമാനിക്കുകയും ആയതിലേക്ക് മണ്ണ് പരിശോധന നടത്തിയിട്ടുള്ളതായും അറിയുന്നു

ഈ വസ്തുവിന് നടുവിൽ നൂറിൽ പരം വർഷം പഴക്കമുള്ള ആൽമരം ഉള്ളതും കാൽനട യാത്രക്കാർക്കും പ്രദേശവാസികൾക്കും തണൽ പരത്തി നിൽക്കുന്ന നഗരത്തിലെ അപൂർവ്വ തണലിടങ്ങളിലൊന്നാണ്. കൂടാതെ റിസർവോയർ വരുമ്പോൾ ഈ പ്രദേശം അതിര് കെട്ടിതിരി ക്കുമെന്നതിനാൽ നഗരത്തിലും കൊല്ലം ബീച്ചിലും വരുന്നവരുടെ വാഹന പാർക്കിങ്ങിനുള്ള സ്ഥലം നഷ്ടപ്പെടുകയും ചെയ്യും.

ഈ വസ്തുവിൽ ക്യാഷ്യു പാർക്ക് സ്ഥാപിക്കുന്നതിനായി കോർപ്പറേഷന്റെ കഴിഞ്ഞ ബഡ്ജറ്റിൽ 20 ലക്ഷം രൂപ നീക്കി വെച്ചിട്ടുള്ളതുമാണ്. ക്യാഷ്യു പാർക്ക് വരുകയാണെങ്കിൽ കൊല്ലം നഗരവും ബീച്ചും സന്ദർശിക്കുന്നവർക്ക് വിശ്രമത്തിനും പ്രദേശവാസികൾക്കും കുട്ടികൾക്ക് വിനോദത്തിനും അവസരം ലഭിക്കുകയും, കൊല്ലം ബീച്ചിന്റെ ഒരു സാറ്റ്ലൈറ്റ് പാർക്കാക്കി മാറ്റുകയും ചെയ്യാവുന്നതാണ്

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ പരിഗണിച്ച് ക്യാഷ്യു കോർപ്പറേഷൻ ഓഫീസിന് മുമ്പിലുള്ള വസ്തുവിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റിസർവോയർ മറ്റൊരു സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി നിർമ്മിക്കുവാൻ വേണ്ട നടപടി എടുക്കണമെന്ന് അപേക്ഷിക്കുന്നു


G. Vasudevan
പ്രസിഡന്റ്
ജി. വാസുദേവൻ
9745107315, 0474 2747315

സെക്രട്ടറി
ബി. പ്രേംചന്ദ്
9288077033, 8921902526

ട്രഷറർ
ബ്രൂണോ മസ്കിനാസ്
9387301654, 7034661634